# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 999 — 05.03.2018-ൽ മറുപടിക്ക്

## എൽ.പി. സ്കൂളുകളുടെ വിദ്യാഭ്യാസ നിലവാരമുയർത്തുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലയിൽ ഏറ്റവും കൂടുതൽ അൺ-ഇക്കണോമിക് സ്കൂളുകൾ ഉളളത് എൽ.പി. വിഭാഗത്തിലാണെന്ന് സൂചിപ്പിക്കുന്ന കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എൽ.പി. സ്കൂളുകളുടെ നവീകരണത്തിനും അൺ-ഇക്കണോമിക് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കുന്നതിനും പ്രത്യേകമായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എൽ.പി. സ്കൂളുകൾ ഉൾപ്പെടെ നവീകരിക്കുന്നതിന് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. |
| (സി) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് മേഖലയിലെ എൽ.പി. സ്കൂളുകളുടെ വിദ്യാഭ്യാസ നിലവാരമുയർത്തുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി പ്രത്യേക പരിഗണന നൽകുമോ; എങ്കിൽ ഇതിനായി സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് മേഖലയിലെ എൽ.പി. സ്കൂളുകളുടെ വിദ്യാഭ്യാസ നിലവാരമുയർത്തുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി പ്രത്യേക പരിഗണന നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 139 ഗവൺമെന്റ് സ്കൂളുകളെ അടിസ്ഥാന സൗകര്യ വികസനത്തിന് ഇപ്പോൾ ഒരു കോടി രൂപയുടെ പദ്ധതിയിൽപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.2017-18 ലെ പ്ലാനിംഗിൽപ്പെടുത്തി 3, 5, 8 ക്ലാസ്സുകളിലെ പഠന നിലവാരം ഉയർത്തുന്നതിനായി '**ശ്രദ്ധ**' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ